

# വിവേചനരഹിതമായ വികസനം ഇരിക്കുന്നകൊമ്പ് മുറിക്കലാണ്


**രാജാജി മാത്യു തോമസ്**

(സി.പി.ഐ., യുവജന നേതാവ്)


1. സർക്കാർ തീരുമാനം തികച്ചും തെറ്റാണ്. പ്രാദേശിക ജനസമൂഹങ്ങൾക്ക് അവർ ജീവിക്കുന്ന പ്രദേശത്തെ അടിസ്ഥാന പ്രകൃതി വിഭവങ്ങളുടെ മേലുള്ള അവകാശത്തെയാണ് സർക്കാർ ഈ തീരുമാനം വഴി നിഷേധിക്കുന്നത്. പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നത് സർക്കാരിന്റെ പ്രാഥമിക ചുമതലകളിൽ ഒന്നാണ്. ഭൂഗർഭ ജലസ്രോതസ്സുകളുടെ അനിയന്ത്രിതവും വാണിജ്യപരവുമായ താല്പര്യം മുൻനിർത്തി ചൂഷണം തുടരാൻ അനുവദിക്കുന്നത് ഈ പ്രാഥമിക ചുമതല തന്നെ അട്ടിമറിക്കലാണ്.

ഭൂഗർഭ ജലസ്രോതസ്സുകൾ അനേകം വർഷങ്ങളായി സംഭരിക്കപ്പെടുന്ന ജലസമ്പത്താണ്. അതിന്റെ അനിയന്ത്രിത ചൂഷണം ആത്മഹത്യാപരമാണ്. ഗ്രാമീണ ജനതയെ വികല നയങ്ങളാൽ പടിപടിയായി ആത്മഹത്യയ്ക്കു പ്രേരിപ്പിക്കുന്ന ഭരണ സംവിധാനം ജനസമൂഹങ്ങളേയും പ്രകൃതിയെ തന്നെയും അകാലമൃത്യുവിലേക്കാണ് നയിക്കുന്നത്. വർഷകാലമായാൽ പ്രവർത്തനം പുനരാരംഭിക്കാൻ അനുമതി നൽകുന്ന സർക്കാർ നിലപാട് ഈ നയങ്ങളുടെ പ്രതിഫലനമാണ്.

2. ഇത്തരം വ്യവസായങ്ങൾ കർശനമായി നിയന്ത്രിക്കണം. വറ്റിപ്പോകുന്ന പ്രകൃതി വിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളും അതിൽ അധിഷ്ഠിതമായ വികസന മാതൃകകളും കാലഹരണപ്പെട്ടിരിക്കുന്നു. വിനാശകരവും അപായകരവുമായ ഇത്തരം വ്യവസായങ്ങൾ വികസിത രാഷ്ട്രങ്ങളിൽ ഏറിവരുന്ന നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ വികസ്വര അവികസിത മേഖലകളിലേക്ക് പറിച്ചു നടപ്പെടുകയാണ്. അത്തരം വ്യവസായങ്ങളെ വിവേചന രഹിതമായി സ്വാഗതം ചെയ്യുന്നത് ഇരിക്കുന്ന കൊമ്പു മുറിയ്ക്കുന്നതിനു തുല്യമാണ്. പ്രകൃതി വിഭവങ്ങൾ അന്യം നിൽക്കുന്നതോടെ അവർ തങ്ങൾ സൃഷ്ടിച്ച ചുടലപ്പറമ്പുകൾ ഉപേക്ഷിച്ച് പുതിയ മേച്ചിൽസ്ഥലങ്ങൾ തേടും.

3. ഇത് കേവലം 'കോക്കി' ന്റെയോ 'പെപ്സി' യുടെയോ പ്രശ്നമല്ല. ജനങ്ങളുടെയും പ്രകൃതിയുടെ തന്നെയും നിലനിൽപിന്റെയും ഭാവി തലമുറയുടെയും ജീവൽപ്രശ്നമാണ്.

4. അത്തരം 'ജനകീയ കമ്മീഷൻ' ഒരു നല്ല തുടക്കമായി കണക്കാക്കും. പ്രശ്നം ഒരു കമ്മീഷൻ റിപ്പോർട്ടിൽ ഒതുക്കാവുന്നതല്ല. ജൈവപ്രകൃതിയുടെ മേൽ ആധിപത്യം ഉറപ്പിച്ച മനുഷ്യരാശിയുടെ ആകെ മാനസികഘടനയെ തന്നെ പൊളിച്ചെഴുതാതെ നമുക്ക് മുന്നോട്ടു പോകാനാവില്ല എന്നതാണ് യാഥാർത്ഥ്യം. അത്തരം ഒരു പൊളിച്ചെഴുത്തിന് വഴിതെളിയ്ക്കുന്നതായിരിക്കണം നിർദ്ദിഷ്ട സംരംഭങ്ങൾ.

5. ലോകസഭാ തിരഞ്ഞെടുപ്പ് ആത്യന്തികമായി നിയമനിർമ്മാണത്തെ സംബന്ധിച്ചതാണ്. ദൗർഭാഗ്യമെന്നു പറയട്ടെ അത്തരം സുപ്രധാന വിഷയങ്ങൾ പലപ്പോഴും തിരഞ്ഞെടുപ്പു പ്രചരണത്തിൽ പിന്തള്ളപ്പെടുന്നതാണ് അനുഭവം. അടിസ്ഥാന പ്രശ്നങ്ങളിലേക്ക് നമ്മുടെ രാഷ്ട്രീയപ്രക്രിയയെ തിരിച്ചുവിടാൻ നാം ഇനിയും ഏറെ കാത്തിരിക്കേണ്ടി വരുമെന്നു വേണം കരുതാൻ.

# പ്രകൃതിവിഭവങ്ങളെ അമിതമായശ്രയിക്കൽ താങ്ങാവുന്നതല്ല


**കെ.ജി. ജയന്തി**

(പുതുശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, സി.പി.ഐ. (എം.))


1. പ്രവർത്തനം പാടെ നിർത്തേണ്ടതാണ്. വേനൽക്കാലത്ത് മാത്രം സ്റ്റേ പരിമിതപ്പെടുത്തിയത് ശരിയല്ല. സർക്കാർ സ്റ്റേ ചെയ്തത് ഒട്ടും ശരിയല്ല. വേനൽ കഴിഞ്ഞാൽ വർഷത്തിൽ പ്രശ്നം പരിഹരിയ്ക്കപ്പെടുമെന്നും, അടുത്ത വേനൽ വരെ കമ്പനി പ്രവർത്തനങ്ങൾ നടത്താം എന്നും തീരുമാനിക്കുന്നത് യാതൊരു കാരണവശാലും സാധൂകരിയ്ക്കാവുന്നതല്ല.

2. ശരിയല്ല. കുടിവെള്ളം കിട്ടാത്ത നാട്ടിൽ ഇത്തരം കമ്പനികൾ സ്ഥാപിക്കുന്നത് ഏറ്റവും വലിയ തെറ്റാണ്. അത്തരം കമ്പനികൾ അനുവദിക്കുന്ന പ്രശ്നം പഞ്ചായത്തിനെ സംബന്ധിച്ച് ഇല്ല.

അവർ വന്ന് എടുക്കാവുന്നത്ര ഭൂഗർഭ ജലം ഊറ്റിയെടുത്ത് പരമാവധി ലാഭമുണ്ടാക്കി അടുത്ത സ്രോതസ്സ് തേടിപോകും. പെപ്സി കമ്പനി അടച്ചുപൂട്ടാൻ തീർച്ചയായും തീരുമാനം എടുക്കണം. പഞ്ചായത്തിന്റെ തീരുമാനം അതാണ് എന്ന് ഏറ്റവും നിർണ്ണായകമായ സന്ദർഭത്തിലൊക്കെ കമ്പനിയെ അറിയിച്ചിട്ടുണ്ട്. പക്ഷേ ഗവൺമെന്റ് സപ്പോർട്ടിൽ കുത്തക കമ്പനികളുടെ താൽപര്യം സംരക്ഷിക്കപ്പെടുകയാണ്.

3. പ്രകൃതി വിഭവങ്ങളെ അമിതമായി ആശ്രയിക്കുന്ന ഒരു വ്യവസായവും കേരളത്തിന് താങ്ങാവുന്നതല്ല. പല തരത്തിലുള്ള കാര്യങ്ങൾ ഉണ്ട്. വെള്ളത്തിന്റെ ദൗർലഭ്യം, പരിസര മലിനീകരണം, അങ്ങനെ പല തരത്തിലുള്ള പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്ന വ്യവസായങ്ങൾ ഉണ്ട്. അത്തരത്തിൽ ഒന്നല്ലെങ്കിൽ മറ്റൊരു തരത്തിൽ പ്രശ്നങ്ങളുണ്ടാക്കുന്ന വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ കേരളത്തിന് താങ്ങാവുന്നതല്ല.

4. ജനകീയ കമ്മീഷനെക്കുറിച്ച് പറയുകയാണെങ്കിൽ തീർച്ചയായും അങ്ങനെ വേണം എന്നു തന്നെയാണ് അഭിപ്രായം. ജനങ്ങളുടെ ഒരു സമിതി ഉണ്ടാക്കുകയും എല്ലാതരത്തിലുള്ള മുൻകരുതലുകളും എടുത്ത് ഇനിയും ഇത്തരം അത്യാപത്തുകൾ ഇല്ലാതാക്കാൻ ശ്രമിക്കുകയും വേണം.

ക. അനധികൃതമായി പ്രകൃതിയെ ചൂഷണം ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളും നിർത്തേണ്ടതാണ്. ചെറിയതോതിൽ പ്രകൃതിയിൽ നിന്നും നമുക്ക് ഉപയോഗിക്കേണ്ട കാര്യങ്ങൾ മാത്രം ഉപയോഗിച്ച് ഒരു പരിധി നിശ്ചയിച്ച്, അത് വിട്ടുള്ള എല്ലാ ലംഘനങ്ങൾക്കും ശക്തമായ നടപടി കൈകൊണ്ട് പ്രകൃതിയെ സംരക്ഷിക്കേണ്ട ചുമതല നമുക്കുണ്ട്.

ഖ. ജിം വഴി എന്തു നിക്ഷേപങ്ങളാണ് ഇവിടെ വന്നിട്ടുള്ളത്. ആലുക്കാസ് ജ്വല്ലറിയോ .... തൊഴിലില്ലാത്ത ഒരുപാട് ചെറുപ്പക്കാർക്ക് വ്യാമോഹങ്ങൾ ഉണ്ടാക്കി എന്നല്ലാതെ ജിം കൊണ്ട് എന്താണ് ഉണ്ടായത്. പുതിയ നിക്ഷേപങ്ങളും, വ്യവസായങ്ങളും വരുന്നതിന് എതിരല്ല. സുസ്ഥിരമായ സ്ഥാപനങ്ങൾ വരുന്നത് പരിസ്ഥിതി തകരാറുണ്ടാക്കാത്ത തരത്തിലാണെങ്കിൽ യോജിപ്പേ ഉള്ളൂ.

ഗ. വ്യവസായ - വാണിജ്യ നിക്ഷേപകർക്കായി ജനകീയ അടിസ്ഥാന മാർഗ്ഗരേഖയ്ക്ക് രൂപം കൊടുത്ത് അത് സുസ്ഥിരമായി നടപ്പാക്കുക എന്നത് പ്രായോഗികമായി നടക്കുമെന്ന് തോന്നുന്നില്ല. നിയന്ത്രണം സർക്കാരിന്റേത് തന്നെ ആയിരിക്കുകയും അതിന് ചുമതലപ്പെടുത്തിയിട്ടുള്ളവർ പ്രകൃതിയെ ചൂഷണം ചെയ്യുന്ന കാര്യങ്ങളാണെങ്കിൽ പിൻതിരിപ്പിക്കുകയും ചെയ്യുന്നതായിരിക്കും പ്രായോഗികം.

5. പ്രാദേശിക വിഭവങ്ങൾക്ക് മേൽ തദ്ദേശീയർക്കുള്ള അധികാരം 100% ആയിരിക്കണം. ജനകീയാസൂത്രണം വന്നതിനുശേഷം തന്നെയാണ് പഞ്ചായത്തിന് അധികാരം കൈവന്നത്. പക്ഷേ കിട്ടിയ അധികാരം പ്രയോഗിയ്ക്കാനുള്ള സ്വാതന്ത്ര്യം കിട്ടിയിട്ടില്ല. പഞ്ചായത്തിന്റെ അധികാരം പൂർണ്ണമായിരിക്കണം. അന്തിമ തീരുമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കണം. പകരം ഇപ്പോഴുള്ള കുത്തക വ്യവസായികൾക്കായിരിക്കരുത്. അത് സർക്കാർ തിരിച്ചറിയേണ്ടതാണ്. തീർച്ചയായും തിരഞ്ഞെടുപ്പിൽ ഉന്നയിക്കും.